ഉത്തരം

(എ & ബി) സംസ്ഥാനത്തെ ബി. പി. എൽ. കാർഡുടമകൾക്ക് അർഹതപ്പെട്ട പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ ഇപ്പോൾ നൽകാൻ കഴിയുന്നില്ല. കേന്ദ്ര സർക്കാർ കണ്ടെത്തിയ ബി. പി. എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി അനുവദിക്കുന്ന 38062 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാരിന്റെ കണക്ക് പ്രകാരമുള്ള 1573811 കുടുംബങ്ങൾക്കായി വീതിച്ചു നൽകുമ്പോൾ കാർഡൊന്നിന് പ്രതിമാസം 24 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ മാത്രമേ വിതരണം ചെയ്യാൻ കഴിയുന്നുള്ളൂ. കേന്ദ്ര സർക്കാർ എ. പി. എൽ. നിരക്കിൽ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാർ സബ്സിഡി നൽകി ബി. പി. എൽ. വിഭാഗത്തിന് അർഹതപ്പെട്ട അളവ് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(സി) അന്ത്യോദയ-അന്നയോജന പദ്ധതി പ്രകാരം വ്യാപാരികൾക്ക് 2/04 മുതൽ 12/04 വരെ ലഭിക്കേണ്ടതായ കമ്മീഷൻ തുക 5,63,30,000 രൂപയാണ്. അന്നപൂർണ്ണ പദ്ധതി പ്രകാരം മാർച്ച് 2004 മുതൽ ഡിസംബർ 2004 വരെ വ്യാപാരികൾക്ക് 13,49,413 രൂപ കമ്മീഷൻ ഇനത്തിൽ നൽകേണ്ടതുണ്ട്. പ്രസ്തുത തുകകൾ ഉടൻ വിതരണം ചെയ്യുന്നതാണ്.

(ഡി) ഓണത്തോടനുബന്ധിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന് സൗജന്യമായി അരി നൽകിയ ഇനത്തിൽ റേഷൻ കട ഉടമകൾക്ക് 18,54,868.50 രൂപ നൽകുവാനുണ്ട്. ഇതിൽ എറണാകുളം ജില്ലയ്ക്ക് 6,88,100 രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി ഫണ്ടിനായി പട്ടികവർഗ്ഗ വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ മാറ്റം വരുത്തിയതിനെ തുടർന്ന് റേഷൻ വ്യാപാരികൾക്ക് 1,47,28,144.99 രൂപ നൽകുവാനുണ്ട്. ഈ തുക എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന അരി

48 [2665] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ. ഡി. എഫ്. ഭരണകാലത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കാർഡുടമകൾക്ക് എന്തു വിലയ്ക്ക് എത്ര കിലോ അരി വീതം വിതരണം ചെയ്തിരുന്നെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കാർഡുടമകൾക്ക് എന്തു വിലയക്ക് എത്ര കിലോ അരി വീതം വിതരണം ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ബി. പി. എൽ. കാർഡുടമകളിൽ എത്ര പേർക്ക് എത്ര കിലോ വീതം അരി വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ എൽ. ഡി. എഫ്. ഭരണകാലത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാർഡുടമകൾക്ക് വിതരണം ചെയ്ത അരിയുടെ വിലയും അളവും താഴെ കൊടുത്തിരിക്കുന്നു.

കാലയളവ്	വില കി. ഗ്രാമിന് (രൂപ)	അനുവദിച്ച അരിയുടെ അളവ്
1-12-1997 മുതൽ	3.90	മുതിർന്നവർക്ക് ആഴ്ചയിൽ 2 കിലോ അരിയും കുട്ടികൾക്ക് ആഴ്ചയിൽ 1 കിലോ അരിയും
29-1-1999 മുതൽ	5.00	
1-4-2000 മുതൽ	6.40	മാസത്തിൽ 20 കി. ഗ്രാം (കാർഡൊന്നിന് ആഴ്ചയിൽ 5 കിലോഗ്രാം വീതം)

(ബി & സി) ഇപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാർഡുടമകൾക്ക് പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൽ 75% അരിയും 25% ഗോതമ്പുമാണ് നൽകേണ്ടത്. അരിയുടെ വില കിലോഗ്രാമിന് 6.20 രൂപയും ഗോതമ്പിന്റെ വില കിലോഗ്രാമിന് 4.70 രൂപയുമാണ്. എന്നാൽ കേന്ദ്ര സർക്കാരിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ 10.822 ലക്ഷം ബി. പി. എൽ. കുടുംബങ്ങൾക്ക് അനുവദിച്ചു നൽകുന്ന ഭക്ഷ്യധാന്യങ്ങൾ, സംസ്ഥാനത്തെ 15.74 ലക്ഷം ബി. പി. എൽ. കുടുംബങ്ങൾക്കായി വീതിച്ചു നൽകുന്നു. ബി. പി. എൽ. കാർഡുടമകൾക്ക് ഇപ്പോൾ 24 കി. ഗ്രാം ഭക്ഷ്യധാന്യങ്ങൾ പ്രതിമാസം വിതരണം ചെയ്യുന്നുണ്ട്.

റേഷൻ കട വഴി വിതരണം നടത്തുന്ന പഞ്ചസാര

49 [2666] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലെ പഞ്ചസാര വില നിയന്ത്രിക്കുന്നതിന് റേഷൻ കടകൾ വഴി എല്ലാ കാർഡുടമകൾക്കും പഞ്ചസാര വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly